# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3544** **11.12.2018-ൽ മറുപടിയ്ക്ക്**

## തിരുവമ്പാടി നിയോജക മണ്ഡലത്തിലെ ലൈഫ് മിഷൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ജോർജ്ജ് എം. തോമസ് | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| എ | ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് തിരുവമ്പാടി നിയോജക മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്തെല്ലാം പ്രവർത്തനങ്ങളാണ് നാളിതുവരെ നടത്തിയതെന്ന് ഇനംതിരിച്ച് വിശദമാക്കുമോ; | എ | തിരുവമ്പാടി നിയോജക മണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ഒന്നാം ഘട്ടമായ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം, രണ്ടാം ഘട്ടമായി ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണത്തിനുള്ള ധനസഹായം നൽകൽ എന്നീ പ്രവർത്തനങ്ങളാണ് ഏറ്റെടുത്തിട്ടുള്ളത്. തിരുവമ്പാടി നിയോജക മണ്ഡലത്തിലെ 312 പൂർത്തീകരിക്കാത്ത ഭവനങ്ങളിൽ നാളിതുവരെ 305 ഭവനങ്ങൾ ലൈഫ് മിഷൻ പദ്ധതിയിലൂടെ പൂർത്തീകരിച്ചു. ഭൂരഹിത ഭവനരഹിതരുടെ 808 പേരടങ്ങിയ ലൈഫ് ഗുണഭോക്തൃലിസ്റ്റിൽ നിന്നും വിശദമായ പരിശോധനക്ക് ശേഷം കണ്ടെത്തിയ 369 അർഹരായ ഗുണഭോക്താക്കളിൽ 352 പേർക്ക് സാമ്പത്തിക സഹായം നൽകി നിർമ്മാണം തുടർന്നു വരുന്നു. നാളിതുവരെ 6 വീടുകൾ പൂർത്തീകരിച്ചു. |
| ബി | പദ്ധതിയുമായി ബന്ധപ്പെട്ട് ഇനി എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത നിയോജക മണ്ഡലത്തിൽ ആവിഷ്കരിക്കുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി | ഒന്നാം ഘട്ടത്തിൽ നിർമ്മാണം പൂർത്തീകരിക്കാൻ ബാക്കിയുള്ള 7 വീടുകൾ പൂർത്തീകരിക്കുവാനും, രണ്ടാം ഘട്ടത്തിൽ എഗ്രിമെന്റ് വെച്ച് പ്രവർത്തി നടന്നു വരുന്ന 363വീടുകൾ പൂർത്തീകരിക്കുവാനുമുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. കൂടാതെ യോഗ്യതയുള്ള ഗുണഭോക്താക്കളെ കരാർ വച്ച് ധനസഹായം നൽകുന്നതിനുള്ള പ്രവർത്തനം ഏറ്റെടുക്കുന്നതാണ്. അടുത്ത ഘട്ടത്തിൽ ഭൂരഹിതരായ ഭവനരഹിതർക്ക് ഭവനം സമുച്ചയം നിർമ്മിച്ച് ഭവനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| സി | തിരുവമ്പാടി നിയോജക മണ്ഡലത്തിലെ പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണ കാലയളവ് വിശദമാക്കുമോ? | സി | പദ്ധതി കാലയളവായ 2021 ൽ പദ്ധതി പൂർത്തീകരിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ